**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4086** **18-07-2022 - ൽ മറുപടിയ്ക്ക്**

**ഗ്യാരന്റി റിഡെംപ്ഷൻ ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി.ഉമ തോമസ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. ടി.സിദ്ദിഖ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഗ്യാരന്റി റിഡെംപ്ഷൻ ഫണ്ട് രൂപീകരിക്കണമെന്ന സി.&എ.ജി. റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരം നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) | ഗാരണ്ടി റിഡംപ്ഷൻ ഫണ്ട് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സംസ്ഥാന സർക്കാർ പിരിക്കുന്ന ഗ്യാരന്റി കമ്മീഷൻ നിലവിൽ ഏത് ശീർഷകത്തിലാണ് വകയിരുത്തുന്നതെന്നും ആയത് ഏത് ഇനത്തിലാണ് ചെലവഴിക്കുന്നതെന്നും വ്യക്തമാക്കുമോ; | (ബി) | ഗാരണ്ടി ആക്ട് പ്രകാരം സർക്കാരിന് ലഭിക്കേണ്ട ഗ്യാരണ്ടി കമ്മീഷൻ നിലവിൽ 0075-108-99ശീർഷകത്തിലാണ് ട്രഷറിയിൽ അടക്കേണ്ടത്. ഇപ്രകാരം ലഭിക്കുന്ന തുക സർക്കാരിന്റെ നികുതിയേതര വരുമാനമായി കണക്കാക്കി പൊതുവായ ആവശ്യങ്ങൾക്ക് ചെലവഴിക്കുന്നു. |
| (സി) | ബജറ്റിന് പുറത്തുള്ള വായ്പകൾക്ക് ഉൾപ്പെടെ സർക്കാർ ഗ്യാരന്റി നൽകുന്ന നിലവിലെ സാഹചര്യത്തിൽ ഗ്യാരന്റി റിഡെംപ്ഷൻ ഫണ്ട് രൂപീകരണത്തിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് അടിയന്തരമായി ഫണ്ട് രൂപീകരിച്ച് ഗ്യാരന്റി കമ്മീഷൻ ഇനത്തിൽ പിരിച്ച തുക ഫണ്ടിലേക്ക് വക മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | ഗാരണ്ടി റിഡംപ്ഷൻ ഫണ്ട് രൂപീകരിക്കുന്ന ക്രമത്തിൽ ഗാരണ്ടി കമ്മീഷനായി ലഭിക്കുന്ന തുക ഫണ്ടിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ